# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3185 14.03.2018-ൽ മറുപടിയ്ക്ക്

## ഫാറൂഖിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2015 ൽ സൗദിയിലെ യമൻ അതിർത്തി പ്രവിശ്യയായ ജിസാനിൽ ഷെൽ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി പനയപ്പിള്ളി തായലക്കളത്തിൽ ഫാറൂഖിന്റെ കുടുംബത്തിന് നാളിതുവരെ യാതൊരു സഹായവും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ ;<br><br>(ബി) കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് അർഹമായ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (എ)യും (ബി)യും 2015 ൽ സൗദിയിലെ യമൻ അതിർത്തി പ്രവിശ്യയായ ജിസാനിൽ ഷെൽ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം, ജില്ലയിലെ മട്ടാഞ്ചേരി പനയപ്പിള്ളി തായലക്കളത്തിൽ ഫാറൂഖിന്റെ ഭാര്യ നാദിറ ധനസഹായത്തിന് വേണ്ടി സമർപ്പിച്ച അപേക്ഷ റിയാദിലെ ഇന്ത്യൻ എംബസ്സിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ സാന്ത്വന പദ്ധതി പ്രകാരം മരണമടഞ്ഞ പ്രവാസികളുടെ അനന്തരാവകാശിയ്ക്ക് നല്കുന്ന ധനസഹായത്തിനു വേണ്ടിയുള്ള അപേക്ഷ നോർക്ക റൂട്ട്സ് മുഖേന സമർപ്പിക്കുവാൻ ശ്രീമതി നാദിറയ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ